## സിറ്റിസൺ അദാലത്ത്

**പ്രൊസീഡിംഗ്സ് നമ്പർ- BPIDK30599000008- IVO -3 /2024, LSGD ,Idukki dtd 25.07.24**

ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നങ്കി സിറ്റിയിലുള്ള ശ്രീ. നാരായണ ഹൈസ്കൂളിന് വേണ്ടി പണിതിട്ടുള്ള പുതിയ കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിയ്ക്കുന്നത് സംബന്ധിച്ചാണ് പരാതി സംഗതി.

## സെക്രട്ടറിയുടെ റിപ്പോർട്ട്

14.06.2024 ൽ SC-2-2686 നമ്പരായി ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന കൈവശ രേഖ 1964 ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം ലഭിച്ചതായാണ് കാണുന്നത്. 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരം താമസ സ്ഥലം വ്യക്തിഗത കൃഷി , സമീപസ്ഥങ്ങളായ രജിസ്റ്റേഡ് ഭൂമികളുലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നിവയ്ക്കാണ് ഭൂമി പതിച്ച് നൽകിയിരിക്കുന്നത്. ആയതിനാൽ കൈവശ രേഖ സംബന്ധിച്ച് വ്യക്തത വരുത്തിയതിനു ശേഷമേ കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു എന്ന് സ്കൂൾ അധികൃതരെ അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## തീരുമാനം

ഇടുക്കി LSGD ഉപജില്ല 3 അദാലത്ത് സമിതി ടി. വിഷയം വിശദമായി പരിശോധിച്ചു. സ്കൂളിന് വേണ്ടി ഹെഡ്മിസ്ട്രസ് ശ്രീമതി.മിനി യും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്കു വേണ്ടി ഹെഡ് ക്ലർക്കും ഹാജരായി. നങ്കി സിറ്റി എസ്.എൻ എച്ച് എസ് ൽ നിലവിൽ ഉണ്ടായിരുന്ന ഒരു കെട്ടിടം പുതുക്കി പണിതതാണ് ഇപ്പോഴത്തെ പുതിയ കെട്ടിടം എന്നും ആയത് സംബന്ധിച്ചുള്ള തൊടുപുഴ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ

ഉത്തരവും ഹെഡ്മിസ്ട്രസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നീ പൊതു ആവശ്യങ്ങൾക്കുള്ള നിർമ്മാണം ക്രമപ്പെടുത്തുന്നതിനുള്ള ഭേദഗതി വന്നിട്ടുള്ളതായും ടീച്ചർ അദാലത്തിൽ സൂചിപ്പിച്ചു. പുതിയ കെട്ടിടത്തിന് നമ്പർ ലഭിച്ചാൽ മാത്രമേ ഹൈസ്കൂൾ വിഭാഗം ഇവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളു എന്ന ടീച്ചറിന്റെ വാദം അദാലത്ത് സമിതിയ്ക്ക് ബോധ്യപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ റവന്യൂ വകുപ്പിന്റെ NOC ലഭ്യമായാൽ ടി കെട്ടിടത്തിന് നമ്പർ നൽകാൻ കഴിയുമെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ റവന്യൂ വകുപ്പിന്റെ NOC ഹാജരാക്കുന്ന സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യം നൽകി കൊണ്ട് ടി കെട്ടിടത്തിന് നമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും മറ്റ് അധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് അപേക്ഷ തീർപ്പാക്കുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603

അബ്ദുൾ സമദ് പി.എം
ഇന്റേണൽ വിജിലൻസ് ഓഫീസർ 2&3,
തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.